"ഭരണഭാഷ-മാതൃഭാഷ"

**വനിത ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: ബിന്ദു ഗോപിനാഥ് – ഇൻ ചാർജ്ജ്)**

**വിഷയം:-** വനിത ശിശുവികസനവകുപ്പ് - ജീവനക്കാര്യം- വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2022 - കരട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-**
1. ജി.ഒ(പി)നം.3/2017/പി&എ.ആർ.ഡി തീയതി-25.02.2017, മറ്റ് അനുബന്ധ സർക്കാർ ഉത്തരവുകൾ.
2. വനിത ശിശുവികസന ഡയറക്ടറുടെ 01/08/2022 തീയതിയിലെ DWCD/2205/2022-E1 നമ്പർ പരിപത്രം.
3. ജീവനക്കാരുടെ അപേക്ഷകൾ.

**ഉത്തരവ് നമ്പർ WCD-E9/7010/22 തീയതി : 25/10/2022**

---

വനിത ശിശുവികസന വകുപ്പിലെ ജീവനക്കാരിൽ നിന്നും 2022-ലെ പൊതുസ്ഥലം മാറ്റത്തിനായി പരാമർശം (2) പ്രകാരം ഓൺലൈൻ മുഖേന അപേക്ഷകൾ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ ജീവനക്കാരിൽ നിന്നും പരാമർശം (3) പ്രകാരം ഓൺലൈൻ മുഖേന ലഭ്യമായ അപേക്ഷകൾ പരിഗണിച്ചും, ഭരണപരമായ സൗകര്യം കണക്കിലെടുത്തും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നതിലേക്കായി സ്ഥലം മാറ്റ ഉത്തരവിന്റെ കരട് രൂപം പ്രസിദ്ധീകരിക്കുന്നു.

| ക്ര നം | ജീവനക്കാരുടെ പേര്, പെൻ നമ്പർ | ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകുന്ന കാര്യാലയം | റിമാർക്സ് |
|---|---|---|---|---|
| 1. | ശ്രീമതി.സുനിത.എം.വി (492164) | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, കാസർഗോഡ് | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, കോട്ടയം | അപേക്ഷ |

2022-ലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷകൾ സമർപ്പിക്കുന്നതിന് അർഹതയുണ്ടായിരുന്ന ജീവനക്കാർക്ക് മേൽ പരാമർശിക്കുന്ന പ്രകാരം സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ/ പരാതികൾ ഉണ്ടെങ്കിൽ ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ഏഴ് ദിവസത്തിനകം

വനിത ശിശുവികസന ഡയറക്ടർക്ക് wcdestablishment2017@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രേഖാമൂലം സമർപ്പിക്കാവുന്നതാണ്. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ/പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സമയ പരിധിക്കകം ലഭ്യമാകുന്ന ആക്ഷേപങ്ങൾ/പരാതികൾ പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ(I/C)

ബന്ധപ്പെട്ട ജീവനക്കാർക്ക്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്